السنّة النبوية وعلومها
www.sunnah.global

അല്ലാഹു മനുഷ്യരിൽ ആദ്യകാലക്കാരെയും അവസാനകാലക്കാരെയും ഒരൊറ്റ പ്രതലത്തിൽ ഒരുമിച്ചു കൂട്ടും ; ഒരാൾ നോക്കിയാൽ എല്ലാവരെയും വീക്ഷിക്കാനും, ഒരാൾ വിളിച്ചാൽ ഏവർക്കും കേൾക്കാനും കഴിയുംവിധം. സൂര്യൻ അവരുടെ അടുത്തേക്ക് വന്നെത്തും; അങ്ങനെ ജനങ്ങൾ അവർക്ക് സഹിക്കാനോ താങ്ങാനോ കഴിയാത്ത തരത്തിലുള്ള ഇടുക്കത്തിലും പ്രയാസത്തിലും ആയിത്തീരും

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: ഒരാളുടെ ക്ഷണം സ്വീകരിച്ചു വന്നെത്തിയ (സദസ്സിൽ) ഞങ്ങൾ നബി -ﷺ- യോടൊപ്പമായിരുന്നു. അങ്ങനെ അവിടുത്തേക്ക് (ആടിന്റെ) തുടയുടെ മാംസഭാഗം നൽകപ്പെട്ടു; നബി -ﷺ- ക്ക് അത് ഇഷ്ടമായിരുന്നു. അവിടുന്ന് തന്റെ മുൻപല്ലുകൾ കൊണ്ട് അത് ഒരു കടി കടിച്ചു; ശേഷം പറഞ്ഞു: "ഖിയാമത് നാളിൽ മനുഷ്യരുടെ നേതാവ് ഞാനായിരിക്കും. എന്തു കൊണ്ടാണത് എന്ന് നിങ്ങൾക്കറിയുമോ?! അല്ലാഹു മനുഷ്യരിൽ ആദ്യകാലക്കാരെയും അവസാനകാലക്കാരെയും ഒരൊറ്റ പ്രതലത്തിൽ ഒരുമിച്ചു കൂട്ടും ; ഒരാൾ നോക്കിയാൽ എല്ലാവരെയും വീക്ഷിക്കാനും, ഒരാൾ വിളിച്ചാൽ ഏവർക്കും കേൾക്കാനും കഴിയുംവിധം. സൂര്യൻ അവരുടെ അടുത്തേക്ക് വന്നെത്തും; അങ്ങനെ ജനങ്ങൾ അവർക്ക് സഹിക്കാനോ താങ്ങാനോ കഴിയാത്ത തരത്തിലുള്ള ഇടുക്കത്തിലും പ്രയാസത്തിലും ആയിത്തീരും. അതോടെ ജനങ്ങൾ പറയും: "നിങ്ങൾ എത്തിപ്പെട്ടിരിക്കുന്ന ഈ കടുത്ത പ്രയാസം നിങ്ങൾ കാണുന്നില്ലേ? നിങ്ങളുടെ റബ്ബിനോട് നിങ്ങൾക്ക് വേണ്ടി ശുപാർശ പറയാൻ ഒരാളെ നോക്കുകയല്ലേ?!" അങ്ങനെ ജനങ്ങളിൽ ചിലർ മറ്റു ചിലരോട് പറയും: "നിങ്ങളുടെ പിതാവ് ആദമുണ്ട്." അവർ ആദമിന്റെ അരികിൽ ചെന്ന് അദ്ദേഹത്തോട് പറയും: "ഹേ ആദം! താങ്കൾ മനുഷ്യരുടെ പിതാവാണ്. അല്ലാഹു അവന്റെ കരം കൊണ്ട് താങ്കളെ സൃഷ്ടിക്കുകയും, (അവൻ സൃഷ്ടിച്ച) അവന്റെ ആത്മാവ് താങ്കളിൽ ഊതുകയും, മലക്കുകളോട് താങ്കൾക്ക് സാഷ്ടാംഗം ചെയ്യാൻ കൽപ്പിക്കുകയും, അങ്ങനെ അവർ താങ്കൾക്ക് (ആദരവിന്റെ) സുജൂദ് ചെയ്യുകയും ഉണ്ടായി. ഞങ്ങൾക്ക് വേണ്ടി താങ്കളുടെ റബ്ബിനോട് താങ്കൾ ശുപാർശ ചെയ്താലും. ഞങ്ങളുടെ അവസ്ഥയും ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്ന സ്ഥിതിയും താങ്കൾ കാണുന്നില്ലേ?!" ആദം -عَلَيْهِ السَّلَامُ- പറയും: "എന്റെ റബ്ബ് ഇന്ന് കഠിനമായി കോപിച്ചിരിക്കുന്നു ; ഇതു പോലെ അവൻ മുൻപ് കോപിച്ചിട്ടില്ല. ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. ആ വൃക്ഷത്തിൽ നിന്ന് അവൻ എന്നെ വിലക്കിയിരുന്നു; പക്ഷേ ഞാൻ അവനോട് അനുസരണക്കേട് കാണിച്ചു; എന്റെ കാര്യം! എന്റെ കാര്യം! എന്റെ കാര്യം! നിങ്ങൾ ഞാനല്ലാത്ത മറ്റൊരാളുടെ അരികിൽ ചെല്ലൂ. നിങ്ങൾ നൂഹിന്റെ അരികിൽ പോവുക." അങ്ങനെ അവർ നൂഹിന്റെ (عليه السلام) അരികിൽ ചെന്നു കൊണ്ട് പറയും: "ഹേ നൂഹ്! ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ട റസൂലുകളിൽ ആദ്യത്തെയാൾ താങ്കളാണ്. നന്ദിയുള്ള അടിമ എന്ന് അല്ലാഹു താങ്കൾക്ക് പേര് നൽകിയിരിക്കുന്നു. ഞങ്ങൾക്ക് വേണ്ടി താങ്കളുടെ രക്ഷിതാവിനോട് താങ്കൾ ശുപാർശ പറഞ്ഞാലും. ഞങ്ങളുടെ അവസ്ഥ താങ്കൾ

കാണുന്നില്ലേ?! " നൂഹ് -عَلَيْهِ السَّلَامُ- പറയും: "എന്റെ റബ്ബ് ഇന്ന് കഠിനമായി കോപിച്ചിരിക്കുന്നു ; ഇതു പോലെ അവൻ മുൻപ് കോപിച്ചിട്ടില്ല. ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. ഉത്തരം നൽകപ്പെടുന്ന ഒരു പ്രാർത്ഥന എനിക്കുണ്ടായിരുന്നു; എന്റെ ജനതക്കെതിരെയാണ് ഞാൻ ആ പ്രാർത്ഥന നടത്തിയത്. എന്റെ കാര്യം! എന്റെ കാര്യം! എന്റെ കാര്യം! നിങ്ങൾ ഞാനല്ലാത്ത മറ്റൊരാളുടെ അരികിൽ ചെല്ലൂ. നിങ്ങൾ ഇബ്റാഹീമിന്റെ (عليه السلام) അരികിൽ പോവുക." ജനങ്ങൾ ഇബ്റാഹീമിന്റെ (عليه السلام) അരികിൽ ചെന്നു കൊണ്ട് പറയും: "ഹേ ഇബ്റാഹീം! താങ്കൾ അല്ലാഹുവിന്റെ നബിയും ഭൂമിയിൽ വസിച്ചവരിൽ നിന്ന് അവൻ ഖലീലായി സ്വീകരിച്ചവനുമാണ്. ഞങ്ങൾക്ക് വേണ്ടി താങ്കളുടെ റബ്ബിനോട് ശുപാർശ പറയുക! ഞങ്ങൾ അകപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ കാണുന്നില്ലേ?!" ഇബ്റാഹീം -عَلَيْهِ السَّلَامُ- പറയും: "എന്റെ റബ്ബ് ഇന്ന് കഠിനമായി കോപിച്ചിരിക്കുന്നു ; ഇതു പോലെ അവൻ മുൻപ് കോപിച്ചിട്ടില്ല. ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. ഞാൻ മൂന്നു കളവുകൾ പറഞ്ഞു പോയിരിക്കുന്നു. എന്റെ കാര്യം! എന്റെ കാര്യം! എന്റെ കാര്യം! നിങ്ങൾ ഞാനല്ലാത്ത മറ്റൊരാളുടെ അരികിൽ ചെല്ലൂ. നിങ്ങൾ മൂസായുടെ അരികിൽ പോവുക." ജനങ്ങൾ മൂസാ -عَلَيْهِ السَّلَامُ- യുടെ അരികിൽ ചെന്നു കൊണ്ട് പറയും: "ഹേ മൂസാ! താങ്കൾ അല്ലാഹുവിന്റെ റസൂലാകുന്നു. അല്ലാഹു നുബുവ്വത് നൽകിക്കൊണ്ടും, അവൻ താങ്കളോട് സംസാരിച്ചു കൊണ്ടും ജനങ്ങൾക്ക് മേൽ താങ്കൾക്ക് ശ്രേഷ്ഠത നൽകിയിരിക്കുന്നു. ഞങ്ങൾക്ക് വേണ്ടി താങ്കളുടെ റബ്ബിനോട് ശുപാർശ പറയുക! ഞങ്ങൾ അകപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ കാണുന്നില്ലേ?!" മൂസാ -عَلَيْهِ السَّلَامُ- പറയും: "എന്റെ റബ്ബ് ഇന്ന് കഠിനമായി കോപിച്ചിരിക്കുന്നു; ഇതു പോലെ അവൻ മുൻപ് കോപിച്ചിട്ടില്ല . ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. എന്നോട് കൽപ്പിക്കപ്പെടാത്ത ഒരാളെ ഞാൻ വധിച്ചു പോയിരിക്കുന്നു. എന്റെ കാര്യം! എന്റെ കാര്യം! എന്റെ കാര്യം! നിങ്ങൾ ഞാനല്ലാത്ത മറ്റൊരാളുടെ അരികിൽ ചെല്ലൂ. നിങ്ങൾ മർയമിന്റെ മകൻ ഈസായുടെ അരികിൽ പോവുക." ജനങ്ങൾ ഈസാ -عَلَيْهِ السَّلَامُ- ന്റെ അരികിൽ ചെന്നു കൊണ്ട് പറയും: "ഹേ ഈസാ! താങ്കൾ അല്ലാഹുവിന്റെ റസൂലും, മർയമിലേക്ക് അല്ലാഹു ഇട്ടുകൊടുത്ത അവന്റെ വചനവും, അവൻ സൃഷ്ടിച്ച ആത്മാവുമാകുന്നു. തൊട്ടിലിൽ ആയിരിക്കെ താങ്കൾ ജനങ്ങളോട് സംസാരിക്കുകയും ചെയ്തു. ഞങ്ങൾക്ക് വേണ്ടി താങ്കളുടെ റബ്ബിനോട് ശുപാർശ പറയുക! ഞങ്ങൾ അകപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ കാണുന്നില്ലേ?!" ഈസാ -عَلَيْهِ السَّلَامُ- പറയും: "എന്റെ റബ്ബ് ഇന്ന് കഠിനമായി കോപിച്ചിരിക്കുന്നു ; അതു പോലെ അവൻ മുൻപ് കോപിച്ചിട്ടില്ല. ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല." അദ്ദേഹം ഏതെങ്കിലും തെറ്റു ചെയ്തതായി പറയുകയില്ല. "എന്റെ കാര്യം! എന്റെ കാര്യം! എന്റെ കാര്യം! നിങ്ങൾ ഞാനല്ലാത്ത മറ്റൊരാളുടെ അരികിൽ ചെല്ലൂ. നിങ്ങൾ മുഹമ്മദ് നബി -ﷺ- യുടെ അരികിൽ പോവുക." അങ്ങനെ ജനങ്ങൾ മുഹമ്മദ് നബി -ﷺ- യുടെ അരികിൽ വന്നു കൊണ്ട് പറയും: "ഹേ മുഹമ്മദ്! താങ്കൾ അല്ലാഹുവിന്റെ റസൂലും, നബിമാരിൽ അന്തിമനുമാകുന്നു. താങ്കളുടെ മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ തെറ്റുകളെല്ലാം അല്ലാഹു താങ്കൾക്ക് പൊറുത്തു തന്നിരിക്കുന്നു. താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക് വേണ്ടി ശുപാർശ പറയൂ! ഞങ്ങൾ അകപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ കാണുന്നില്ലേ?!" അങ്ങനെ ഞാൻ പുറപ്പെടുകയും, അല്ലാഹുവിന്റെ അർശിനു താഴെ എത്തുകയും ചെയ്യും. എന്നിട്ട് എന്റെ റബ്ബിന് മുൻപിൽ ഞാൻ സുജൂദിൽ വീഴും; ശേഷം എനിക്ക് മുൻപ് മറ്റൊരാൾക്കും അല്ലാഹു തുറന്നു കൊടുത്തിട്ടില്ലാത്ത സ്തുതികളും റബ്ബിനെ പുകഴ്ത്താനുള്ള മനോഹരമായ വചനങ്ങളും അല്ലാഹു എനിക്ക് തുറന്നു തരും. ശേഷം എന്നോട് പറയപ്പെടും: "ഹേ മുഹമ്മദ്! താങ്കളുടെ ശിരസ്സ് ഉയർത്തുക; താങ്കൾ ചോദിക്കുക; താങ്കൾ ചോദിക്കുന്നത് നൽകപ്പെടും. താങ്കൾ ശുപാർശ പറയുക; താങ്കളുടെ ശുപാർശ സ്വീകരിക്കപ്പെടും." അപ്പോൾ ഞാൻ എന്റെ തലയുയർത്തും; എന്നിട്ട് പറയും : "എന്റെ റബ്ബേ! എന്റെ ജനത! എന്റെ റബ്ബേ! എന്റെ ജനത! എന്റെ റബ്ബേ! എന്റെ ജനത!" അപ്പോൾ പറയപ്പെടും: "ഹേ മുഹമ്മദ്! താങ്കളുടെ ഉമ്മത്തിൽ നിന്ന് വിചാരണയില്ലാത്തവരെ സ്വർഗത്തിന്റെ വലതു ഭാഗത്തുള്ള വാതിലിൽ കൂടെ പ്രവേശിപ്പിക്കുക. അതിനു പുറമെയുള്ള

[صحيح] [متفق عليه]

(عليه السلام)

(عليه السلام)

(عليه السلام)

(عليه السلام)

(عليه السلام)

(عليه السلام)

(عليه السلام)

(عليه السلام)

അദ്ദേഹം പറയും. അങ്ങനെ ജനങ്ങൾ ഇബ്റാഹീം നബിയുടെ (السلام عليــــه (അരികിൽ ചെല്ലും. അവർ പറയും:
താങ്കൾ അല്ലാഹുവിൻ്റെ ഉറ്റമിത്രമായ ഖലീലുല്ലാഹ് ആണ്. താങ്കളുടെ റബ്ബിനോട് ഞങ്ങൾക്ക്
വേണ്ടി ശുപാർശ ചെയ്താലും. ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ
കാണുന്നുണ്ടല്ലോ?! അദ്ദേഹം പറയും: എൻ്റെ രക്ഷിതാവായ അല്ലാഹു ഇന്ന് ശക്തമായി
കോപിച്ചിരിക്കുന്നു. ഇത് പോലെ അവൻ മുൻപൊരിക്കലും കോപിച്ചിട്ടില്ല. ഇതിന് ശേഷം
ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. ശേഷം തനിക്ക് സംഭവിച്ച അബദ്ധം
അദ്ദേഹം എടുത്തു പറയും. താൻ മൂന്ന് തവണ കളവ് പറഞ്ഞിട്ടുണ്ട് എന്നതാണത്.
മുശ്രിക്കുകളുടെ ആഘോഷത്തിന് വിളിച്ചപ്പോൾ 'ഞാൻ രോഗിയാണ്' എന്ന് പറഞ്ഞതും,
വിഗ്രഹങ്ങളെ തകർത്ത ശേഷം അവയെ തകർത്തത് അവരിലെ ഏറ്റവും വലിയ വിഗ്രഹമാണെന്ന് പറഞ്ഞതും,
അതിക്രമിയായ ഒരു രാജാവിൻ്റെ മുൻപിൽ രക്ഷപ്പെടാൻ തൻ്റെ ഭാര്യയായ സാറയോട്
തന്നെക്കുറിച്ച് 'എൻ്റെ സഹോദരനാണെന്ന് പറഞ്ഞോളൂ' എന്ന് പറഞ്ഞതുമാണ് അദ്ദേഹം കളവുകൾ
എന്നത് കൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ ഈ മൂന്ന് വാക്കുകളും യഥാർത്ഥത്തിൽ കളവുകളിൽ
ഉൾപ്പെടുകയില്ല എന്നതാണ് സത്യം. മറിച്ച്, സത്യവും അസത്യവും ഉദ്ദേശിക്കപ്പെടാൻ ഒരേ
പോലെ സാധ്യതയുള്ള ദ്വയാർത്ഥം അടങ്ങുന്ന പ്രയോഗങ്ങളായിരുന്നു അവ. പക്ഷേ, അവ
ഒരർത്ഥത്തിൽ കളവിനോട് സാദൃശ്യമുള്ളതായതിനാൽ അദ്ദേഹം അവയുടെ കാര്യം ഭയപ്പെടുകയും,
അല്ലാഹുവിൻ്റെ മുൻപിൽ ശുപാർശ പറയാൻ മാത്രം തനിക്ക് സ്ഥാനമില്ലെന്ന് വിനയം
പ്രകടിപ്പിക്കുകയുമാണ് ചെയ്തത്. കാരണം അല്ലാഹുവിനെ കുറിച്ച് കൂടുതൽ അറിവും
സ്ഥാനവുമുള്ളവർക്ക് അവനെ കുറിച്ചുള്ള ഭയം കഠിനമായിരിക്കും.അദ്ദേഹം പറയും: എൻ്റെ
സ്വന്തം കാര്യത്തിൻ്റെ രക്ഷക്ക് ശുപാർശ വേണ്ട സ്ഥിതിയിലാണ് ഞാനുള്ളത്. നിങ്ങൾ
മറ്റാരുടെയെങ്കിലും അടുത്ത് പോവുക. നിങ്ങൾ മൂസായുടെ (السلام عليــه (അരികിൽ പോവുക. അങ്ങനെ
അവർ മൂസാ നബിയുടെ (السلام عليـــــه (അരികിൽ ചെല്ലും. അവർ പറയും: മൂസാ! അല്ലാഹുവിൻ്റെ റസൂലാണ്
താങ്കൾ. അല്ലാഹു അവൻ്റെ പക്കൽ നിന്നുള്ള സന്ദേശം കൊണ്ടും താങ്കളോട് സംസാരിച്ചു
കൊണ്ടും താങ്കളെ ആദരിച്ചിരിക്കുന്നു. അതിനാൽ താങ്കളുടെ രക്ഷിതാവിങ്കൽ ഞങ്ങൾക്ക്
വേണ്ടി ശുപാർശ ചെയ്താലും. ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ
കാണുന്നുണ്ടല്ലോ?! അപ്പോൾ മൂസാ (السلام عليـــــه (പറയും: "എൻ്റെ രക്ഷിതാവായ അല്ലാഹു ഇന്ന്
ശക്തമായി കോപിച്ചിരിക്കുന്നു. ഇത് പോലെ അവൻ മുൻപൊരിക്കലും കോപിച്ചിട്ടില്ല. ഇതിന്
ശേഷം ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. ഞാൻ എന്നോട്
കൽപ്പിക്കപ്പെടാതെ ഒരു മനുഷ്യനെ വധിച്ചു പോയിരിക്കുന്നു. എൻ്റെ സ്വന്തം
കാര്യത്തിൻ്റെ രക്ഷക്ക് ശുപാർശ വേണ്ട സ്ഥിതിയിലാണ് ഞാനുള്ളത്. നിങ്ങൾ
മറ്റാരുടെയെങ്കിലും അടുത്ത് പോവുക. നിങ്ങൾ മർയമിൻ്റെ മകൻ ഈസായുടെ (السلام عليــــه (അരികിൽ
പോവുക." അങ്ങനെ അവർ ഈസായുടെ (السلام عليــــــــــــــــه (അടുത്തെത്തും. അവർ പറയും: ഈസാ! താങ്കൾ
അല്ലാഹുവിൻ്റെ റസൂലാകുന്നു. അല്ലാഹു മർയമിലേക്ക് ഇട്ടുനൽകിയ അവൻ്റെ വചനവും അല്ലാഹുവിൽ
നിന്നുള്ള (അവൻ സൃഷ്ടിച്ച) ആത്മാവുമാകുന്നു. തൊട്ടിലിൽ കിടക്കുന്ന കുട്ടിയായിരിക്കെ
താങ്കൾ ജനങ്ങളോട് സംസാരിക്കുകയുണ്ടായി. അതിനാൽ താങ്കളുടെ രക്ഷിതാവിനോട്
ഞങ്ങൾക്കായി ശുപാർശ പറഞ്ഞാലും. ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ
കാണുന്നില്ലേ?! ഈസാ (السلام عليـــــــــــه (പറയും: "എൻ്റെ രക്ഷിതാവായ അല്ലാഹു ഇന്ന് ശക്തമായി
കോപിച്ചിരിക്കുന്നു. ഇത് പോലെ അവൻ മുൻപൊരിക്കലും കോപിച്ചിട്ടില്ല. ഇതിന് ശേഷം
ഇനിയൊരിക്കലും അവൻ ഇതു പോലെ കോപിക്കുകയുമില്ല. -അദ്ദേഹം തൻ്റെ തെറ്റായി യാതൊന്നും
പറയുകയില്ല-. എൻ്റെ സ്വന്തം കാര്യത്തിൻ്റെ രക്ഷക്ക് ശുപാർശ വേണ്ട സ്ഥിതിയിലാണ്
ഞാനുള്ളത്. നിങ്ങൾ മറ്റാരുടെയെങ്കിലും അടുത്ത് പോവുക. നിങ്ങൾ മുഹമ്മദിൻ്റെ صلى الله عليه وسلم അരികിൽ
പോവുക." അങ്ങനെ അവർ മുഹമ്മദ് നബി -صلى الله عليه وسلم- യുടെ അരികിലെത്തും. അവർ പറയും: ഹേ മുഹമ്മദ്! അങ്ങ്
അല്ലാഹുവിൻ്റെ റസൂലും നബിമാരിൽ അന്തിമനുമാണ്. അല്ലാഹു മുൻകഴിഞ്ഞതും
വരാനിരിക്കുന്നതുമായ എല്ലാ തെറ്റുകളും താങ്കൾക്ക് പൊറുത്തു തന്നിരിക്കുന്നു.
ഞങ്ങൾക്ക് വേണ്ടി താങ്കളുടെ രക്ഷിതാവിനോട് ശുപാർശ പറഞ്ഞാലും. ഞങ്ങൾ
എത്തിപ്പെട്ടിരിക്കുന്ന അവസ്ഥ താങ്കൾ കാണുന്നില്ലേ?!" അങ്ങനെ ഞാൻ (മുഹമ്മദ് നബി -صلى الله عليه وسلم-(
ശുപാർശ പറയാനായി പുറപ്പെടുകയും, അർശിൻ്റെ (അല്ലാഹുവിൻ്റെ സിംഹാസനം) താഴെ എത്തുകയും

ചെയ്യും. ശേഷം എൻ്റെ റബ്ബിൻ്റെ മുൻപിൽ ഞാൻ സുജൂദിൽ വീഴും. ശേഷം അല്ലാഹു അവനെ
സ്തുതിക്കുന്നതും മനോഹരമായി പ്രകീർത്തിക്കുന്നതുമായ സ്തുതിവാചകങ്ങൾ എനിക്ക്
തുറന്നുനൽകും. എനിക്ക് മുൻപ് മറ്റൊരാൾക്കും നൽകപ്പെട്ടിട്ടില്ലാത്തവയായിരിക്കും അവ.
ശേഷം എന്നോട് പറയപ്പെടും: ഹേ മുഹമ്മദ്! താങ്കളുടെ ശിരസ്സ് ഉയർത്തിക്കൊള്ളുക. താങ്കൾ
ചോദിച്ചു കൊള്ളൂ; താങ്കൾക്ക് നൽകപ്പെടുന്നതാണ്. താങ്കൾ ശുപാർശ ചെയ്തോളൂ; താങ്കളുടെ
ശുപാർശ സ്വീകരിക്കപ്പെടുന്നതാണ്. അങ്ങനെ ഞാൻ തലയുയർത്തുകയും 'എൻ്റെ റബ്ബേ! എൻ്റെ
ഉമ്മത്ത്! എൻ്റെ റബ്ബേ! എൻ്റെ ജനത!" എന്നിങ്ങനെ പറയുകയും ചെയ്യും. അങ്ങനെ നബി -صلى الله عليه وسلم- യുടെ
ശുപാർശ സ്വീകരിക്കപ്പെടും. അവിടുത്തോട് പറയപ്പെടും: ഹേ മുഹമ്മദ്! താങ്കളുടെ ജനതയിൽ
നിന്ന് വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരെ സ്വർഗത്തിൻ്റെ
വലതുവശത്തുള്ള വാതിലിലൂടെ പ്രവേശിപ്പിക്കുക. അതല്ലാത്ത മറ്റു വാതിലുകൾ അവർക്കും മറ്റു
ജനതകൾക്കും ഒരു പോലെയുള്ളതാണ്. ശേഷം നബി -صلى الله عليه وسلم- പറഞ്ഞു: "എൻ്റെ ആത്മാവ് ആരുടെ കയ്യിലാണോ,
അവൻ തന്നെ സത്യം! സ്വർഗത്തിൻ്റെ വാതിലുകളിൽ ഒന്നിൻ്റെ രണ്ട് അറ്റങ്ങൾക്കിടയിൽ
മക്കക്കും യമനിലെ സ്വൻആഇനും ഇടയിലുള്ള ദൂരമുണ്ട്. അല്ലെങ്കിൽ, മക്കക്കും ശാമിലെ
ബുസ്റാക്കും (ഹൗറാൻ പട്ടണം) ഇടയിലുള്ള അകലമുണ്ട്.
https://www.sunnah.global/hadeeth/ml/show/8345